# കേരളത്തിന് സുസ്ഥിര – ആധുനിക കാർഷിക സമ്പദ് ഘടന – 2030ലേക്ക് പുതിയ ചക്രവാഹങ്ങൾ തുറക്കാം

ഡോ. ജോസഫ് ഏബ്രഹാം

## ആമുഖം

കേരളത്തിന്റെ നിലവിലെ കാർഷിക സമ്പദ് ഘടന പലതലങ്ങളിൽ കെടുതികളുടെ ചുഴികളിലാണ് മുങ്ങിയും പൊങ്ങിയും ശ്വാസോച്ഛ്വാസം ചെയ്യുന്നത്. കാർഷിക മേഖലയിലെ മുഖ്യ പങ്കാളികൾ, സഹകരണ മനസ്സോടെ ഒറ്റക്കെട്ടായി പരിശ്രമിച്ചാൽ ആധുനിക കാർഷിക സമ്പദ് ഘടന കേരളത്തിന് കൈവരിക്കാനാകും. കാർഷിക സ്വയംപര്യാപ്തത-സുരക്ഷ കൈവരിയ്ക്കാൻ നിലവിലെ കാർഷിക സമ്പദ് ഘടനയുടെ മുഖ്യപ്രശ്നങ്ങൾ കണ്ടെത്തി മുൻഗണന പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കേണ്ടതുണ്ട്. സംസ്ഥാന ആഭ്യന്തര കാർഷിക മൂല്യവർദ്ധനവ് 2016-17 മുതൽ 2023-24 വരെയുള്ള കാലയളവിൽ 3.5% കുറവ് രേഖപ്പെടുത്തിയിരിക്കുന്നു. വെള്ളപ്പൊക്കം മൂലം 57,000 ഹെക്ടർ കൃഷിയിടങ്ങൾ 2018-19 ലെ തന്നെ തകർന്നടിഞ്ഞിരുന്നു. കേരളത്തിന്റെ തനത് കാർഷിക സംസ്കാരം സംരക്ഷിക്കപ്പെടേണ്ടതുണ്ട്, ഉയർന്ന സാക്ഷരത, ശക്തമായ സഹകരണവായ്പാ പ്രസ്ഥാനങ്ങൾ, മികച്ച വിവര സാങ്കേതിക വിദ്യയുടെ ലഭ്യത എന്നിവ കൃഷിയെ ശാക്തീകരിക്കുവാൻ ഫലപ്രദമാണ്. പാട്ടക്കൃഷി പ്രോത്സാഹനം, ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ വിപുലീകരണം, അഗ്രോ പാർക്കുകൾ, മികച്ച ജലസേചന രീതികളുടെ പ്രചാരം എന്നിവ കൃഷിയെ ശാക്തീകരിക്കാൻ ഉപകരിക്കും.

പ്രധാനമായും മൂന്നു തലങ്ങളിലാണ് കേരളത്തിന്റെ പ്രാഥമിക കാർഷിക സമ്പദ് ഘടന ഞെരുക്കം അനുഭവിക്കുന്നത്. (i) സ്ഥല-ജല ലഭ്യതകൾ കുറഞ്ഞുവരുന്നു: (ii) ക്രമാതീതമായി വർദ്ധിച്ചുവരുന്ന ഉല്പാദന ചിലവുകൾ: (iii) കൂടെക്കൂടെയുള്ള കാലാവസ്ഥ ആഘാതങ്ങൾ.നാം പിന്നിട്ട മുൻ ദശകത്തിൽ സംസ്ഥാനത്തിലെ മൊത്ത മൂല്യ നേട്ടം (ജി.എസ്.പി.എ.) 10.5 ശതമാനത്തിൽ നിന്നും 7 ശതമാനത്തിലേക്ക് താഴുന്നു.. നിലവിൽ കാർഷിക മേഖല സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ, ഗ്രാമീണ തൊഴിലുകൾ സൃഷ്ടിക്കുന്നതിൽ, ഭക്ഷ്യവിളകളുടെ ശേഖരണം, സംസ്കരണം, ചില്ലറ വില്പന എന്നീ തലങ്ങളിൽ സുപ്രധാന പങ്ക് നിർവ്വഹിച്ചുവരുന്നു.

## കാർഷിക തകർച്ച

കേരള കൃഷി തകർച്ചയുടെ നടുക്കയങ്ങളിൽ താഴ്ന്നു തുടരുന്നതിന്റെ ഏതാനും വിശദാംശങ്ങൾ ലഭ്യമാക്കട്ടെ. (1) മൊത്തകൃഷിയിടത്തിന്റെ ഏരിയ 2016-17ൽ 25.84 ലക്ഷം ഹെക്ടറിൽ നിന്നും 2023-24ൽ 25.3 ലക്ഷം ഹെക്ടറിലെത്തി, 2% കുറവ് രേഖപ്പെടുത്തി. (2) ഇതേ കാലയളവിൽ ഒറ്റത്തവണ കൃഷിയുടെ വിസ്തൃതി 20.15 ലക്ഷം ഹെക്ടറിൽ നിന്നും 19 ലക്ഷത്തിലേക്ക് താണു, ഇതിന് കാരണങ്ങൾ, കൃഷിയിടങ്ങൾ തരിശിടൽ, നഗരവത്കരണം എന്നിവയാണ്.(3) നെൽകൃഷി വിസ്തൃതി 1.96 ലക്ഷം ഹെക്ടറിൽ നിന്നും 1.17 ലക്ഷം ഹെക്ടറായി, 40% കുറവ് സംഭവിച്ചിരിക്കുന്നു. (4) ആർ. എസ്.എസ്.-4 ഗ്രേഡ് റബ്ബറിന്റെ 2016-17 ലെ വില ₹132.50/kg യിൽ നിന്നും ₹158/kg ആയി ചെറിയ തോതിൽ ഉയർന്നുവെങ്കിലും വളരെ കുറഞ്ഞ ഈ നിരക്കുകൾ കർഷകരുടെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. റബ്ബർ കൃഷി ലാഭകരമായി നടത്തുവാൻ കഴിയാത്ത സാഹചര്യങ്ങൾ തുടരുകയാണ് കേരളത്തിൽ, വർദ്ധിച്ചുവരുന്ന ഉത്പാദന ചിലവുകൾ മൂലം (5) കേരളത്തിലെ വനിതാ കർഷക തൊഴിലാളികളുടെ പ്രതിദിന ശരാശരി വേതനം ₹443ൽ നിന്നും ₹680 ആയി ഉയർന്നു. (6) വിളകൾക്ക് ലഭിക്കുന്ന ഇൻഷുറൻസ് പരിരക്ഷ 17 ശതമാനത്തിൽ നിന്നും 27 ആയി ഉയർന്നിരിക്കുന്നു. (7) കാലാവസ്ഥ കെടുതികളിൽ ഉൾപ്പെട്ട് കൃഷിനഷ്ടം 57000 ഹെക്ടർ പ്രദേശത്ത് ₹3000 കോടി രൂപയിൽ അധികമായിരുന്നു.2016-17ൽ ഇടവിട്ട വർഷങ്ങളിൽ അപ്രതീഷിതമായി പ്രകൃതി ദുരന്തങ്ങൾ കടന്നുവരാറുണ്ട്. (8) 2016-17ൽ കർഷകന്റെ ശരാശരി പ്രായം 52 ആയിരുന്നത് ക്രമേണ ഉയർന്നുവന്നുകൊണ്ടിരിക്കുന്നു.10 ശതമാനത്തിലധികം കർഷകർ മാത്രമെ ശരാശരി 35 വയസിൽ താഴെയുള്ളവരാണ്. (9) ഗ്രാമീണ മേഖലയിലെ ആകെമൊത്തം 44 ലക്ഷം കുടുംബങ്ങളിലെ 33% മാത്രമെ കാർഷിക വൃത്തി മുഖ്യവരുമാനമായി സ്വീകരിച്ചിട്ടുള്ളൂ.

മേൽവിവരിച്ച പിന്നോക്കം പോക്കലിൽനിന്നും, കൈപിടിച്ചു കരകയറുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമ്പോൾ കേരള കൃഷിയുടെ കേന്ദ്ര ബിന്ദുവായ പരിമിത/ചെറുകിട കർഷകരെ എപ്രകാരം കരകയറ്റണം എന്നാണ് ഒരു സുപ്രധാന കർത്തവ്യം. പരിമിത-ചെറുകിട കർഷകനെ നമ്മൾ ഒരു കാലഘട്ടത്തിൽ സംരക്ഷിച്ച് പോഷിപ്പിച്ചിരുന്നു. എന്നാൽ നിലവിലെ വർദ്ധിത കൃഷിചിലവുകൾ പരിമിത കർഷകർക്ക് താങ്ങാനാവുന്നില്ല. ചെറുകിട കർഷകന് നേരെ നിവർന്നു

നിൽക്കുവാൻ നമ്മൾ പലവിധ തലങ്ങളിൽ, സഹകരണ, ക്ലസ്റ്റർ ഗ്രൂപ്പ് ഫാമിംഗ്, കാലാവസ്ഥ സൗഹൃദ കൃഷി എന്നീ രംഗങ്ങളിൽ ഏകോപിപ്പിച്ച് വർദ്ധിക്കേണ്ടതുണ്ട്; ഇതിനായി പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ, കർഷക ഉത്പാദക സംഘങ്ങൾ, കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, വിളയധിഷ്ഠിത സംരംഭകർ എന്നിവരെ ഉൾപ്പെടുത്തി പ്രവർത്തന രൂപരേഖ തയ്യാറാക്കി മുന്നേറേണ്ടതുണ്ട്.

**വേതനയുടെ കൃഷി ബിന്ദുക്കൾ**

1. **കൃഷി ഭൂമിയുടെ തുണ്ട് വത്കരണം**: ശരാശരി കൃഷിയിടം 0.18 ഹെക്ടറിൽ താഴെയെത്തിരിയിരിക്കുന്നു (അഗ്രി സെൻസസ് 2020).
2. **കാർഷിക ചേരുവകളുടെ (ഇൻപുട്സ്) അമിതമായ വിലക്കയറ്റം**: വളങ്ങൾക്ക് 48%, ഇന്ധനം 64% വരെ വിലവർദ്ധനവ് 2017-24 കാലഘട്ടങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.
3. **കുറഞ്ഞ വിപണി ഇടപെടലുകൾ**: കർഷകരുടെ ഉത്പന്നങ്ങളുടെ 28% മാത്രമെ സംഘടിത വിപണികളിലൂടെ വിറ്റഴിക്കപ്പെടുന്നുള്ളു.
4. **വിളവെടുപ്പിനുശേഷം** 12 ശതമാനം വിളവുകൾ നഷ്ടപ്പെടുന്നതായി കണക്കാക്കിയിരിക്കുന്നു, ഗതാഗത, ശേഖരണ, സംസ്കരണ സൗകര്യങ്ങളുടെ കുറവുമൂലം.
5. **കാർഷിക വായ്പ**കളുടെ 45 ശതമാനത്തിൽ താഴെ മാത്രമെ പി.എ.സി.എസ്./എഫ്.എസ്.സി. എന്നിവ മുഖേന ലഭ്യമാകുന്നുള്ളൂ.
6. **കിസാൻ ക്രെഡിറ്റ് കാർഡുകൾ** 55 ശതമാനം കർഷകർ മാത്രമെ നിലവിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുള്ളൂ.
7. **പ്ലാന്റേഷൻ കൃഷിയിനങ്ങൾ** പൊതുവെ പ്രായം ചെന്ന് വരൾച്ച മുരടിച്ചു തകരുന്നു. ഉദാ. റബ്ബർ, തെങ്ങ് എന്നിവ ഇവയുടെ റീപ്ലാന്റിംഗ് ചിട്ടയായി നടത്തുന്നതിൽ അലംഭാവം സംഭവിച്ചിരിക്കുന്നു.
8. **യന്ത്രവത്കരണം** വളരെ പരിമിതമായെ കടന്നുവന്നിട്ടുള്ളു. ഉദാഹരണം, സംസ്ഥാനത്ത് ട്രാക്ടർ ഡെൻസിറ്റി 19 എണ്ണം 1000 ഹെക്ടർ കൃഷിയ്ക്ക്, ഇത് ആൾ ഇന്ത്യാ തലത്തിൽ 46 ആകുന്നു.

**മറികടക്കേണ്ട പ്രശ്നങ്ങൾ**

1. കൃഷിയിടത്തിന്റെ ഫലഭൂയിഷ്ടി നഷ്ടപ്പെടൽ, കൃഷിയിറക്കാതെ ഭൂമി തരിശായി ഇടുക, ഏതാണ്ട് 1 ലക്ഷം നെൽകൃഷി ഇടങ്ങൾ വെറുതെ തരിശായി കിടക്കുന്നു; ഓര് വെള്ളം, ഉപ്പ് വെള്ളം എന്നിവ കടന്നുകയറി കൃഷി /മത്സ്യ സമ്പത്തുകൾ നശിക്കുന്നു കുട്ടനാട്ടിൽ.
2. മുരടിച്ച ഉത്പാദന ക്ഷമത; നെല്ല്, തെങ്ങ്, കുരുമുളക് എന്നിവയുടെ വളർച്ചാ നിരക്കുകൾ ദേശീയ നിരക്കിനെക്കാൾ 15 മുതൽ 30 ശതമാനം വരെ കുറവ് കാണിക്കുന്നു.
3. കുടിയേറ്റ തൊഴിലാളികളെ വർദ്ധിത തോതിൽ ആശ്രയിക്കേണ്ടിവരുന്നു, കൂലിച്ചെലവ് ക്രമാതീതമായി കൂടിയും വരുന്നു.
4. വില സ്ഥിരതയും, വരുമാന വർദ്ധനവും ഉറപ്പാക്കുവാനുള്ള ശ്രമം വർദ്ധിത തോതിൽ വേണ്ടി വരുന്നു. ഉദാ; റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവകൾക്ക്.
5. കാലാവസ്ഥയുടെ ബലഹീന-ദൗർബല്യങ്ങൾ; വെള്ളപ്പൊക്കം, വരൾച്ച മുതലായവ ആവർത്തിക്കപ്പെടുന്നു.
6. പരിമിതമായ മൂല്യവർദ്ധനവുകൾ: പ്രാഥമികമായ മൂല്യ വർദ്ധന പരിപോഷണ പ്രക്രിയകളുടെ പങ്ക് വളരെ കുറവും സംസ്ഥാനത്തെ മൊത്ത മൂല്യവർദ്ധനയുടെ 11 ശതമാനം മാത്രമെ ഉള്ളൂ.
7. പ്രായമാകുന്ന കർഷക സമൂഹം, സാങ്കേതിക പരിജ്ഞാനമുള്ള കൃഷിക്കാരുടെ കുറവ്, മികച്ച സാങ്കേതിക വിദ്യകളുടെ നടപ്പിലാക്കലിലെ പിന്നോക്ക അവസ്ഥകൾ എന്നിവ രൂക്ഷമായി തുടരുന്നു.
8. ഏകീകൃത സേവനങ്ങൾ, വിജ്ഞാന വിതരണം-ഉപയോഗപ്പെടുത്തലുകൾ എന്നിവയിൽ ഏറ്റക്കുറച്ചിലുകൾ നിലവിലുണ്ട്.

**രൂപരേഖ – മാതൃക പ്രവർത്തികൾ**

**കൃഷി ദർശനം.** 2030ൽ കർഷരുടെ യഥാർത്ഥ വരുമാനം ഇരട്ടിയായി വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിടണം. കാലാവസ്ഥാ ആഘാദങ്ങളുടെ നിരക്ക് നേർപകുതിയായി കുറവ് ചെയ്യുവാൻ കഴിയണം., ഇവ നേടി യെടുക്കാൻ പ്രകൃതി സൗഹൃത സഹകരണ അടിസ്ഥാനത്തിൽ മൂല്യവർദ്ധന സാധ്യമാക്കുന്നു. ആധു നിക കൃഷി രീതികൾ ഏർപ്പാടാക്കുവാൻ കഴിയേണ്ടതുണ്ട്. ഈ ലക്ഷ്യപ്രാപ്തിക്കായി 5 മുഖ്യ പ്രവർത്തന മേഖലകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

**1. കൃഷി സ്ഥലം – ജലം**

1. **തരിശായികിടക്കുന്ന** 1 ലക്ഷം ഹെക്ടർ നെൽപാടങ്ങളിൽ കൃഷിയിറക്കുക; സൂഷ്മജലസേചന ലഭ്യത 50 % വർദ്ധിപ്പിക്കുക; ഡിജിറ്റൽ ലാന്റ് ബാങ്കുകൾ രൂപീകരിക്കുക ; പൊതു കുളങ്ങൾ, കിണറുകൾ, ജലാശയങ്ങൾ സംരക്ഷിക്കുക, സൗരോർജ്ജ പമ്പു സെറ്റുകളുടെ ഉപയോഗം വ്യാപകമാക്കുക.

   **കൃഷിയിടവും/ജലവും** : തരിശുകിടക്കുന്ന കൃഷിയിടം കൃഷിക്കായി വാടകയ്ക്ക് ലഭ്യമാക്കുവാ നുതകുന്ന പോർട്ടലുകൾ സജ്ജീകരിച്ച് 2025-26 റോടെ 25000 ഹെക്ടർ കൃഷിയിടം പുതു തായി കൃഷി ചെയ്യുക, ഇത് 2030ൽ 1 ലക്ഷം ഹെക്ടർ വരെയെത്തിക്കാൻ കഴിയട്ടെ, ഈ കൃഷിയിടങ്ങളിൽ സൂഷ്മതല ജലസേചന സൗകര്യങ്ങൾ 45 ശതമാനം സ്ഥലങ്ങളിലും വ്യാപി പ്പിക്കേണ്ടതാകുന്നു.

2. **പുതുമയുള്ള സാങ്കേതിക വിദ്യകൾ** പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഭക്ഷ്യ ഉത്പാദന ക്ഷമത 20 ശതമാനം വരെ ഉയർത്തേണ്ടതുണ്ട്. ആയതിലേക്ക് സൂഷ്മതല കൃഷിരീതികൾ, ഡ്രോണുകൾ, എഫ്.പി.ഒ എന്നിവകളുടെ പ്രവർത്തനങ്ങൾ വ്യാപകായി മെച്ചപ്പെടുത്തേണ്ടതുണ്ട്.

3. **വിപണികൾ, മാർക്കറ്റിംഗ് മൂല്യവർദ്ധന ശ്രേണികൾ/കണ്ണികൾ വിപുലീകരിക്കണം.** കർഷക രുടെ ഉത്പാദനത്തിന്റെ 50 ശതമാനവും എഫ്.ഡി.ഓ.,കൾ വഴി ഏറ്റെടുത്ത് നിർവ്വഹിക്കണം. മൊത്ത മൂല്യവർദ്ധന 25% ആക്കി ഇരട്ടിയാക്കണം; ഇതിനായി, ''നിളാ'' ഇ-ട്രെയിനിംഗ് പ്ലാറ്റ്ഫോം സൗകര്യങ്ങൾ കർഷകർക്ക് ലളിതമായി ലഭ്യമാക്കി അവരുടെ പങ്കാളിത്വം വർദ്ധിപ്പിക്കേണ്ടതുണ്ട്. അഗ്രോ-പ്രോസസിംഗ് പ്ലാന്റുകൾ സ്ഥാപിക്കുക, ജിയോ ഇൻഫോമാ റ്റിക്സ് (ജി.ഐ.) അടിസ്ഥാനമാക്കിയിട്ടുള്ള ബ്രാൻഡിംഗ് സംവിധാനങ്ങൾ കർഷകർക്ക് ലഭ്യ മാക്കേണ്ടതാണ്.

4. **സാമ്പത്തിക/ബാധ്യതകൾ/ഇൻഷുറൻസ്:** മൊത്ത കൃഷിയിടത്തിന്റെ 75%വും PMFBY plus ൽ ഉൾപ്പെടുത്തുക. ₹1500 കോടിയുടെ വില സ്റ്റെബിലൈസേഷൻ ഫണ്ട് ഏർപ്പാടാക്കുക, പി. എ.സി.എസ്.കളെ കോർ ബാങ്കിന്റെ ഭാഗമാക്കിമാറ്റുക.

   **ഇൻഷുറൻസ് ;** കവറേജ് കൃഷിഭൂമിയുടെ 50 ശതമാനമെത്തിയ്ക്കാൻ കഴിയട്ടെ; കുറഞ്ഞ 4 ശതമാനം കൃഷിയിന/നടത്തിപ്പിന് വായ്പ ലഭ്യമാക്കാം.

5. **കർഷക മാനുഷ്യ വിഭവം** : പുതിയ തലമുറയിലെ കൃഷിസംരംഭകരുടെ എണ്ണം 50,000 എന്ന് ലക്ഷ്യമിട്ട് മുന്നേറാം. അതോടൊപ്പം കുടിയേറ്റ തൊഴിലാളികളുടെ സാങ്കേതിക ശേഷി അറിവ് വർദ്ധിപ്പിക്കുക. പുതുമയുള്ള കൃഷി സംരംഭകർക്കായി ക്യാമ്പുകൾ, കാർഷിക പോളിടെക് നെറ്റുവർക്കുകൾ സൃഷ്ടിക്കുക, പങ്കാളിത്വം വർദ്ധിപ്പിക്കുക.

   പ്രാരംഭമായി തിരഞ്ഞെടുക്കപ്പെടുന്ന 5000 കൃഷിസംരംഭകർക്ക് സ്കോളർഷിപ്പ് നല്കുക; പ്രാദേശിക സർക്കാരുകൾ 500 ഡിജിറ്റൽ കിയോസ്കുകൾ രൂപീകരിക്കുക, 2030ൽ 50,000 യുവകർഷകരെ പരിശീലിപ്പിച്ചെടുക്കുക; കാർഷിക യന്ത്രങ്ങളുടെ ഉപയോഗത്തിൽ പ്രായോ ഗിക പരിജ്ഞാനം 2 ലക്ഷം യുവാക്കൾക്ക് നല്കാം.

**സമയബന്ധിത പ്രവർത്തനങ്ങൾ**

വ്യത്യസ്ഥ തലങ്ങളിൽ നടപ്പിലാക്കേണ്ട ഹ്രസ്വ, ഇടത്തര കാർഷിക മുന്നേറ്റ പ്രവർത്തന രൂപരേ ഖകൾ വിശദീകരിക്കട്ടെ.

1. സാങ്കേതിക അറിവ് ലഭ്യത: ആയിരം സ്മാർട്ട് ഫാം ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ വികസിപ്പിക്കുക: ഡ്രോണുപയോഗിച്ച് മരുന്ന്, വള പ്രയോഗങ്ങൾ നടപ്പിലാക്കുക. സംസ്ഥാനമാകമാനം സാറ്റലൈറ്റ് സംവിധാനങ്ങളിലൂടെ വിള മോണിട്ടറിംഗ് ഏർപ്പാടാക്കുക.

2. എഫ്.പി.ഓ. വിപണിയും ; പുതിയിനം എഫ്.പി.ഓ. രൂപീകരിച്ച് 2 ലക്ഷം കർഷകരെ ഉൾപ്പെടുത്തി, നിള പ്ലാറ്റ്ഫോമിലൂടെ ₹3000 കോടിയുടെ ടേൺ ഓവർ ലക്ഷ്യമിടുക.

3. മൂല്യവർദ്ധനവ്: പഴവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, തേങ്ങ എന്നിവയടിസ്ഥാനമാക്കിയുള്ള മിനി പ്രോസസിംഗ് പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിയും; 20 അഗ്രോ പാർക്കുകൾ,കൃഷി-ഭക്ഷ്യ സ്റ്റാർട്ടപ്പുകൾ എന്നിവയിലൂടെ ₹1200 കോടിയുടെ മൂല്യ വർദ്ധനവ് സാദ്ധ്യമാക്കാവുന്നതാണ്.

**<u>സ്റ്റേക്ക്ഹോൾഡേഴ്സ് ഏകോപനം</u>**

1. സംസ്ഥാന വനം, കൃഷിവകുപ്പ്, പ്ലാനിംഗ് ബോർഡ്; വ്യവസായ വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ പുതിയ നയരൂപീകരണം, പരിഷ്കരണ നടപടികൾ സ്വീകരിക്കുക, ത്വരിതഗതിയിലാക്കുക.

2. പ്രാദേശിക സർക്കാരുകൾ: സ്ഥലം കണ്ടെത്തി ലഭ്യമാക്കൽ, വനിത സംഘങ്ങളെ ഉൾപ്പെടുത്തൽ, കൂട്ടുകൃഷി ഏർപ്പാടാക്കാൻ, വിവര സാങ്കേതിക വിജ്ഞാന നവീകരണം വ്യാപനം എന്നിവ ഇടപാടാക്കുക.

3. പി.എ.സി.എസ്/എസ്.സി.ബി./എഫ്.പി.ഓ.സ് കൃഷി ചേരുവകളുടെ മൊത്ത വാങ്ങൽ, വിതരണം, സംഭരണം, ആധുനിക യന്ത്രങ്ങൾ വാങ്ങി വാടകയ്ക്ക് നല്കൽ എന്നിവ വ്യാപകമാക്കുക.

4. ഗവേഷണം/വിദ്യാഭ്യാസം; കെ.എ.യു/സി.പി.ആർ.ഐ./ആർ.ആർ.ഐ.ഐ. എന്നിവരുടെ മേൽനോട്ടത്തിൽ കാലാവസ്ഥ നഷ്ട പ്രതിരോധനം, സാങ്കേതിക വിദ്യ പ്രചാരണം എന്നിവ ഏറ്റെടുക്കൽ.

5. സ്വകാര്യ/സാമൂഹ്യ സേവനമേഖലകൾക്കും ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും, അവരുടെ പങ്കാളിത്വം ഉറപ്പാക്കേണ്ടതുണ്ട്.

**<u>നേതാക്കൾ ആവശ്യപ്പെട്ടവ</u>**

1. കൃഷി-കർഷകർക്ക് വന്യജീവി അതിക്രമങ്ങളിൽ നിന്നും ത്വരിത സംരക്ഷണം. നിലവിലെ നിയമമനുസരിച്ച് നടപടികൾ സ്വീകരിയ്ക്കാൻ രാഷ്ട്രീയ ഉദ്യോഗസ്ഥ നേതൃത്വം തയ്യാറാകണം. പ്രതിരോധ നടപടി സ്വീകരിയ്ക്കാത്ത ഔദ്യോഗിക രാഷ്ട്രീയ നേതൃത്വത്തെ പ്രതിരോധത്തിലാക്കുക.

2. കർഷകരുടെ എല്ലാ ഉത്പന്നങ്ങൾക്കും മിനിമം താങ്ങ് വില (എം.എസ്.പി.) ഏർപ്പാടാക്കുക.

3. നെല്ല്, റബ്ബർ, തെങ്ങ് കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏകോപന/മേൽനോട്ട സ്ഥിരം സംവിധാനങ്ങൾ ഏർപ്പാടാക്കണം.

4. കർഷകർക്ക് ഏറ്റവും കുറഞ്ഞ 4 ശതമാനം പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ വിപുലമായ തോതിൽ ലഭ്യമാക്കുക. ബാങ്കുകളുടെ ഈ രംഗത്തെ പ്രവർത്തനങ്ങൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിയ്ക്കേണ്ടതുണ്ട്; ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ മുഖേന വായ്പാ വിതരണം **'പലിശ ഇളവ് പ്രോഗ്രാമി'**ലൂടെ വ്യാപകമാക്കണം. ഇത് പരിമിത/ചെറുകിട കർഷകർക്ക് ആശ്വാസമാവും.

5. പ്രാഥമിക കാർഷിക ഉത്പന്നങ്ങൾ ഉപയോഗിച്ച് മൂല്യവർദ്ധന-ഭക്ഷ്യഇനങ്ങൾ വിപുലമായ തോതിൽ കാർഷിക മേഖലയിൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഇത് പുതിയ തൊഴിലുകൾ സൃഷ്ടിക്കുകയും വിലക്കയറ്റത്തെ പ്രതിരോധിക്കാവുന്നതോടൊപ്പം സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തും. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേക വകുപ്പ് വിഭാഗം കൃഷി/വ്യവസായ വകുപ്പുകളിൽ തുടങ്ങണം. ഈ രംഗത്തെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തി ശാക്തീകരിക്കേണ്ടതുണ്ട്.

6. ജല - മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിസ്ഥാനമിടാൻ നദികൾ, ജലാശയങ്ങൾ എന്നിവകളിലെ ചെളിയും മണ്ണും യുദ്ധകാല അടിസ്ഥാനത്തിൽ നീക്കം ചെയ്യണം.
7. തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ, കുട്ടനാട് മേഖലകളിലെ കാർഷിക പ്രവർത്തനങ്ങൾ, പാക്കേജുകൾ പുനരവലോകനം യുദ്ധകാല അടിസ്ഥാനത്തിൽ നടത്തി തുടർനടപടികൾ ആവിഷ്ക്കരിച്ച് സുഗമമായ ജല നിർഗ്ഗമനം ഏർപ്പാടാവണം.

**<u>ഉപസംഹാരം</u>**

2030 ഓടെ കേരളത്തിലെ കർഷകരുടെ വാർഷിക വരുമാനം ഇരട്ടിയാക്കുക, കാർഷിക മൂല്യ വർദ്ധനവ് നിലവിലെ 11 ശതമാനത്തിൽ നിന്നും 25 ശതമാനമാവണം. യുവകർഷകർക്ക് കൃഷിയധിഷ്ഠിതക പുതിയ തൊഴിലുകൾ, തൊഴിൽ പരിശീലനം എന്നിവ വർദ്ധിത തോതിൽ ലഭ്യമാക്കേണ്ടതുണ്ട്. അഗ്രോപാർക്കുകൾ, അഗ്രോ സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ പ്രോസസിംഗ് സംരംഭങ്ങൾ എന്നിവ ആരംഭിക്കുവാൻ ലളിത വ്യവസ്ഥകളിൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ നൽകട്ടെ. പ്രാദേശിക തലങ്ങളിൽ യന്ത്രവത്കൃത ഗ്രൂപ്പ് ഫാമിംഗ്, പാട്ടകൃഷി, മൈക്രോ ജലസേചനം, സോളാർ എനർജി എന്നിവയുടെ സാധ്യതകൾ വിപുലപ്പെടുത്തി സുസ്ഥിര കാർഷിക അഭിവൃദ്ധി നമുക്ക് കൈവരിക്കാനാവും.

******